# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

## ദൂത് രണ്ട്

## രാജാവിന്റെ പൂർവികരും പദവിയും

## (2)

### D. അബ്രാഹാം

മത്തായിയിൽ വംശാവലി അബ്രാഹാമിനോടുകൂടെ ആരംഭിക്കുന്നുവെങ്കിലും, ലൂക്കൊസിലെ വംശാവലി ആദാമിലേക്ക് പുറകോട്ടു പോകുന്നു. മത്തായി ആദാമിനെയും അവന്റെ പിൻതലമുറക്കാരെയും ഉൾപ്പെടുത്തുന്നില്ല, എന്നാൽ ലൂക്കൊസ് ഉൾപ്പെടുത്തുന്നു. ഈ വ്യത്യാസത്തിന്റെ അർഥമെന്താണ്? ലൂക്കൊസ് ദൈവത്തിന്റെ രക്ഷയെക്കുറിച്ചുള്ള ഒരു പുസ്തകവും, എന്നാൽ മത്തായി രാജ്യത്തെക്കുറിച്ചുള്ള ഒരു പുസ്തകവുമാണ്. ദൈവത്തിന്റെ രക്ഷ ആദാമിനാൽ പ്രതിനിധീകരിക്കപ്പെടുന്ന സൃഷ്ടിക്കപ്പെട്ടതും വീണുപോയതുമായ വംശത്തിനു വേണ്ടിയാണ്, എന്നാൽ സ്വർഗരാജ്യം അബ്രാഹാമിനാൽ പ്രതിനിധീകരിക്കപ്പെടുന്ന വിളിക്കപ്പെട്ട വംശമായ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു വേണ്ടിയാണ്. അതുകൊണ്ട്, മത്തായി അബ്രാഹാമിൽനിന്നും ആരംഭിക്കുകയും എന്നാൽ ലൂക്കൊസ് വംശാവലിയെ ആദാമിലേക്ക് പുറകോട്ട് ചുവടുപിടിച്ചു പോകുകയും ചെയ്യുന്നു.

### *1. വിളിക്കപ്പെട്ടവർ*

ഉല്പത്തിയിലെ ആദ്യത്തെ പത്തര അധ്യായങ്ങളിൽ ദൈവം സൃഷ്ടിക്കപ്പെട്ട വംശത്തോടുകൂടെ പ്രവർത്തിക്കുവാൻ ശ്രമിച്ചു; എന്നാൽ അവൻ വിജയിച്ചില്ല. സൃഷ്ടിക്കപ്പെട്ട വംശം അവനെ നിരാശപ്പെടുത്തി. സകല മനുഷ്യരാശിയും ദൈവത്തിനെതിരായി അങ്ങേയറ്റം മത്സരിക്കുന്ന അളവോളം മനുഷ്യൻ വീണുപോകുകയും, അവരുടെ മത്സരത്തെ പ്രകടമാക്കുന്നതിന് ബാബേൽ പട്ടണവും ഗോപുരവും പണിയുകയും ചെയ്തു (ഉല്പ. 11:1-9). അതുകൊണ്ട് സൃഷ്ടിക്കപ്പെട്ടതും വീണുപോയതുമായ

വംശത്തെ ദൈവം ഉപേക്ഷിക്കുകയും, മറ്റൊരു വംശത്തിന്റെ പിതാവായിരിക്കുവാൻ ആ വംശത്തിൽനിന്നുള്ള ഒരുവനായ അബ്രാഹാമിനെ വിളിക്കുകയും ചെയ്തു. മത്സരവും വിഗ്രഹാരാധനയുംകൊണ്ട് നിറഞ്ഞിരുന്ന ഒരു സ്ഥലത്തുനിന്ന്, എല്ലാവരും സാത്താനുമായി ഒന്നായിരുന്ന ഒരു സ്ഥലത്തുനിന്ന്, അബ്രാഹാം എന്നു പേരുള്ള ഒരു മനുഷ്യനെ ദൈവം വിളിച്ചു (ഉല്പ. 12:1-2; എബ്രാ. 11:8). ബാബേലിൽനിന്നും (പിന്നീട് ബാബിലോൺ) കനാനിലേക്ക് ദൈവം അവനെ വിളിച്ച സമയം മുതൽ ദൈവം ആദാമ്യവംശത്തെ ഉപേക്ഷിക്കുകയും, അവന്റെ സകല താല്പര്യവും അബ്രാഹാം തലയായുള്ള ഈ പുതിയ വംശത്തിൽ നിക്ഷേപിക്കുകയും ചെയ്തു. ഇതാണ് വിളിക്കപ്പെട്ട വംശം, രൂപാന്തരപ്പെട്ട വംശം. ഇത് പ്രകൃതത്തിനനുസരിച്ചുള്ള ഒരു വംശമല്ല, പിന്നെയോ വിശ്വാസത്തിനനുസരിച്ചുള്ള ഒരു വംശമാണ്.

ദൈവത്തിന്റെ രാജ്യം ഈ വംശത്തിനു വേണ്ടിയുള്ളതാണ്. അതിന് വീണുപോയ വംശത്തോടു കൂടെയായിരിക്കുവാൻ ഒരിക്കലും കഴിയുകയില്ല. അങ്ങനെ, സ്വർഗരാജ്യത്തോട് ഇടപെടുന്ന മത്തായി അബ്രാഹാമിനോടുകൂടെ ആരംഭിക്കുന്നു. ലൂക്കൊസിന്റെ പുസ്തകം ദൈവത്തിന്റെ രക്ഷയെ സംബന്ധിച്ചതായതുകൊണ്ട് (രക്ഷ തീർച്ചയായും വീണുപോയ വംശത്തിനു വേണ്ടിയായിരിക്കണം എന്നതുകൊണ്ട്) അവന്റെ വംശാവലി ആദാമിലേക്ക് പിന്നിലോട്ടു പോകുന്നു. ലൂക്കൊസിൽ രക്ഷിക്കപ്പെട്ടതിനുശേഷം നാം സ്വതേ വീണുപോയ വംശത്തിൽനിന്നും വിളിക്കപ്പെട്ട വംശത്തിലേക്ക് മാറ്റപ്പെടുന്നു. നാം ആദാമിന്റെ പിൻതലമുറക്കാരായിരുന്നു; ഇപ്പോൾ നാം അബ്രാഹാമിന്റെ പിൻതലമുറക്കാരാണ്. ഗലാത്യർ 3:7-ഉം 29-ഉം നമ്മോടു പറയുന്നത് യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും അബ്രാഹാമിന്റെ പുത്രനാകുന്നു എന്നാണ്. നിങ്ങൾ ആരുടെ പുത്രനാണ്? ആദാമിന്റെ പുത്രനാണോ, അതോ അബ്രാഹാമിന്റെ പുത്രനാണോ? നാം യഥാർഥ യെഹൂദന്മാരാണ് (റോമ. 2:29). നമ്മുടെ മുത്തച്ഛൻ അബ്രാഹാമാണ്. അവൻ ആയിരിക്കുന്ന അതേ പദവിയിലാണ് നാമും ആയിരിക്കുന്നത്. നാം അബ്രാഹാമിന്റെ പിൻതലമുറക്കാരല്ലായിരുന്നെങ്കിൽ, നമുക്ക് മത്തായിയുടെ പുസ്തകത്തിൽ യാതൊരു പങ്കും ഉണ്ടാകുമായിരുന്നില്ല. ഗലാത്യരുടെ പുസ്തകം അബ്രാഹാമിന്റെ പിൻതലമുറക്കാർക്കുവേണ്ടി എഴുതപ്പെട്ടതായതുകൊണ്ട് നമുക്ക് ഗലാത്യർ എന്ന ഹ്രസ്വമായ പുസ്തകത്തിൽപോലും പങ്കുണ്ടാകുമായിരുന്നില്ല. നാം അബ്രാഹാമിന്റെ പിൻതലമുറക്കാരാണെങ്കിൽ മാത്രമേ ഗലാത്യരിൽ നമുക്ക് പങ്കുണ്ടായിരിക്കുകയുള്ളൂ. നാം അബ്രാഹാമിന്റെ പുത്രന്മാരായതുകൊണ്ട് നമുക്ക് കർത്താവിനെ സ്തുതിക്കാം! "നിങ്ങൾ ക്രിസ്തുവിന്റേത് എങ്കിൽ, നിങ്ങൾ അബ്രാഹാമിന്റെ സന്തതിയും, വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു" (ഗലാ. 3:29).

അബ്രാഹാം ദൈവത്താൽ വിളിക്കപ്പെട്ടവനായിരുന്നു. സഭ എന്നതിനുള്ള യവനപദം *എക്ലീസിയ* എന്നാണ്, അതിനർഥം "വിളിക്കപ്പെട്ടവർ" എന്നാണ്. അങ്ങനെ, സഭയിലുള്ള നാമും വിളിക്കപ്പെട്ടവരാണ്. മത്സരത്തിന്റെയും വിഗ്രഹാരാധനയുടെയും സ്ഥലമായ ബാബേലിൽനിന്നും ക്രിസ്തുവിനെ മുൻകുറിക്കുന്ന നല്ലദേശത്തിലേക്ക് അബ്രാഹാം വിളിക്കപ്പെട്ടു. നാമും ബാബേലിലായിരുന്നു. നാം വീണുപോയവരും, മത്സരികളും, വിഗ്രഹങ്ങളെ ആരാധിച്ചവരും ആയിരുന്നു. ഇന്ന് മുഴുവൻ മനുഷ്യവർഗവും ബാബേലിലാണ്. നാം അവിടെ ആയിരുന്നെങ്കിലും ഒരു ദിവസം ദൈവം നമ്മെ വിളിക്കുകയും ഉയർന്ന ദേശമായ ക്രിസ്തുവിലേക്കു വരുത്തുകയും ചെയ്തു. ദൈവം നമ്മെ "തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് (പങ്കാളിത്തത്തിലേക്ക്) വിളിച്ചിരിക്കുന്നു" (1 കൊരി. 1:9). "വിളിക്കപ്പെട്ടവർക്ക്... ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു" (1 കൊരി. 1:24).

## *2. വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു*

വിളിക്കപ്പെട്ടവനെന്ന നിലയിൽ അബ്രാഹാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു (ഉല്പ. 15:6; റോമ. 4:2-3). വീണുപോയവർ അവരുടെ പ്രവൃത്തിയിൽ ആശ്രയിക്കുന്നു, എന്നാൽ വിളിക്കപ്പെട്ടവർ അവരുടെ സ്വന്തം പ്രവൃത്തിയിലല്ല, ദൈവത്തിന്റെ പ്രവൃത്തിയിൽ വിശ്വസിക്കുന്നു. വീണുപോയ ഒരു വ്യക്തിക്കും ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രവൃത്തികളാൽ നീതീകരിക്കപ്പെടുവാൻ കഴിയുകയില്ല (റോമ. 3:20). അതുകൊണ്ട്, വിളിക്കപ്പെട്ടവർ, വീണുപോയ വംശത്തിൽനിന്നും ദൈവത്താൽ വിളിക്കപ്പെട്ടവരെന്ന നിലയിൽ, അവരുടെ സ്വന്തം പ്രയത്നത്തിൽ ആശ്രയം വയ്ക്കുന്നില്ല; അവർ ദൈവത്തിന്റെ കൃപയുടെ പ്രവൃത്തിയിൽ ആശ്രയിക്കുന്നു. അബ്രാഹാമും മറ്റെല്ലാ വിശ്വാസികളും ഇതുപോലെയാണ്. "വിശ്വാസത്താലുള്ളവർ, വിശ്വാസിയായ അബ്രാഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെട്ടവരാകുന്നു" (ഗലാ. 3:9). ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ അനുഗ്രഹം, "ആത്മാവെന്ന വാഗ്ദത്തം" (ഗലാ. 3:14), വിശ്വസിക്കുന്നവർക്കുള്ളതാണ്. വിശ്വാസത്താൽ നാം ക്രിസ്തുവിന്റെ യാഥാർഥ്യവും സാക്ഷാൽക്കാരവുമായ ആത്മാവിനെ സ്വീകരിച്ചു (ഗലാ. 3:2). അങ്ങനെ, അബ്രാഹാമും നാമും വിശ്വാസത്താൽ ക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുകയും അവനോടു പറ്റിച്ചേർന്നിരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കൃപയുടെ പ്രവൃത്തിയിലുള്ള വിശ്വാസത്താലാണ് ദൈവത്തിന്റെ വിളിക്കപ്പെട്ട ജനം അവനാൽ നീതീകരിക്കപ്പെടുകയും അവരുടെ നിത്യ ഓഹരിയായ ക്രിസ്തുവിൽ പങ്കുചേരുകയും ചെയ്യുന്നത്.

## *3. വിശ്വാസത്താൽ ജീവിക്കുന്നു*

അബ്രാഹാം വിളിക്കപ്പെട്ടുവെന്നും, വിശ്വാസത്താൽ ഈ വിളിക്ക് അവൻ ഉത്തരം നൽകിയെന്നും എബ്രായർ 11:8 പറയുന്നു. പിന്നീട് വിശ്വാസത്താൽ അവൻ നല്ലദേശത്തിൽ ജീവിച്ചുവെന്നു വാക്യം 9 പറയുന്നു. ദൈവത്തിന്റെ വിളിക്കപ്പെട്ടവനെന്ന നിലയിൽ അബ്രാഹാം വിശ്വാസത്താൽ നീതീകരിക്കപ്പെടുക മാത്രമല്ല ചെയ്തത്, അവൻ വിശ്വാസത്താൽ ജീവിക്കുകയും ചെയ്തു. ദൈവത്താൽ വിളിക്കപ്പെട്ടവനെന്ന നിലയിൽ അവൻ ഇനിമേൽ തന്നാൽത്തന്നെ ജീവിക്കുകയും നടക്കുകയും ചെയ്യാതെ വിശ്വാസത്താൽ ജീവിക്കുകയും നടക്കുകയും ചെയ്യണമായിരുന്നു. അബ്രാഹാം വിശ്വാസത്താൽ ജീവിക്കുകയും നടക്കുകയും ചെയ്യണണമായിരുന്നു എന്നത് അവൻ അവനെത്തന്നെ ത്യജിക്കുകയും, അവനെത്തന്നെ മറക്കുകയും, അവനെ മാറ്റിനിർത്തുകയും, മറ്റൊരുവനാൽ ജീവിക്കുകയും ചെയ്യണമായിരുന്നു എന്നാണ് അർഥമാക്കിയത്. പ്രകൃതത്താൽ അവന് ഉണ്ടായിരുന്നതെല്ലാം മാറ്റിവയ്ക്കണമായിരുന്നു.

ഉല്പത്തി 11:31-നെയും 12:1-നെയും പ്രവൃത്തികൾ 7:2-3-മായി നാം താരതമ്യം ചെയ്യുന്നുവെങ്കിൽ, ദൈവം അബ്രാഹാമിനെ കൽദയയിലെ ഊരിൽവച്ച് വിളിച്ചപ്പോൾ അവൻ വളരെ ബലഹീനനായിരുന്നു എന്നു നാം കാണുന്നു. ബാബേൽ വിട്ടുവരാൻ അബ്രാഹാം മുൻകയ്യെടുത്തില്ല: അവന്റെ അപ്പനായ തേരഹ് മുൻകയ്യെടുത്തു. ഇത് അബ്രാഹാമിന്റെ അപ്പനെ നീക്കിക്കളയുവാൻ ദൈവത്തെ നിർബന്ധിച്ചു. തന്റെ സ്വന്തം ദേശത്തെയും ചാർച്ചക്കാരെയും മാത്രമല്ല, തന്റെ അപ്പന്റെ ഭവനത്തെയും വിട്ടുവരാൻ പറഞ്ഞുകൊണ്ട് ഉല്പത്തി 12:1-ൽ ദൈവം അബ്രാഹാമിനെ പിന്നെയും വിളിച്ചു. തന്നോടുകൂടെ ആരെയും കൂട്ടരുതെന്നായിരുന്നു ഇത് അർഥമാക്കിയത്. എന്നാൽ ഒരിക്കൽക്കൂടെ അബ്രാഹാം, നമ്മെപ്പോലെ ബലഹീനനായിരുന്നിട്ട് തന്റെ അനന്തരവനായ ലോത്തിനെ തന്നോടൊപ്പം കൂട്ടി (ഉല്പ. 12:5).

എന്താണ് ഒരു അബ്രാഹാം? വിളിക്കപ്പെട്ടവനും, മേലാൽ തന്നാൽത്തന്നെ ജീവിക്കുകയും നടക്കുകയും ചെയ്യാത്തവനും, സ്വഭാവത്താൽ തനിക്കുണ്ടായിരുന്നതൊക്കെയും ഉപേക്ഷിക്കുകയും മറക്കുകയും ചെയ്യുന്നവനുമായ ഒരു വ്യക്തിയാണ് ഒരു അബ്രാഹാം. ഇതാണ് കൃത്യമായും ഗലാത്യരുടെ പുസ്തകത്തിലെ ദൂത്. നാം അബ്രാഹാമിന്റെ പുത്രന്മാരാണെന്നും, നമ്മുടെ പ്രവൃത്തികളാൽ അല്ല വിശ്വാസത്താൽ ജീവിക്കണമെന്നും ഗലാത്യർ 3 പറയുന്നു. വിശ്വാസത്താൽ ജീവിക്കുകയെന്നാൽ "ഇനിജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തു അത്രേ" എന്നാണ് അർഥമാക്കുന്നതെന്ന് ഗലാത്യർ 2:20 പറയുന്നു. ഞാൻ,

സ്വാഭാവികനായ ഞാൻ, വീണുപോയ വംശത്തിൽനിന്നു വരുകയും, ക്രൂശിക്കപ്പെടുകയും അടക്കപ്പെടുകയും ചെയ്യിരിക്കുന്നു. അങ്ങനെ, ഇനി ഞാനല്ല, ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നത്. ഇതാണ് അബ്രാഹാം. നാം യഥാർഥ യെഹൂദന്മാരാണെങ്കിൽ, അബ്രാഹാമിന്റെ യഥാർഥ പിൻതലമുറക്കാരാണെങ്കിൽ, നാം സകലത്തെയും ഉപേക്ഷിക്കുകയും വിശ്വാസത്താൽ ജീവിക്കുകയും വേണം. നമുക്ക് ചെയ്യുവാൻ കഴിയുന്ന സകലത്തെയും നാം മറക്കുകയും സ്വഭാവത്താൽ നാം ആയിരിക്കുന്നതും നമുക്കുള്ളതുമായ സകലത്തെയും നാം നിരാകരിക്കുകയും വേണം. ഇത് എളുപ്പമല്ല.

ക്രിസ്ത്യാനികൾ അബ്രാഹാമിനെ വളരെയധികം വിലമതിക്കുന്നു. എന്നാൽ നാം അത്രയധികം ഉന്നതമായി അബ്രാഹാമിനെ വിലമതിക്കരുത്. അവൻ അത്രത്തോളം വിശേഷത ഉള്ളവനല്ല. അവൻ വിളിക്കപ്പെട്ടുവെങ്കിലും ബാബേൽ വിട്ടുപോകുവാൻ അവൻ ധൈര്യപ്പെട്ടില്ല; അവന്റെ അപ്പൻ അവനെ പുറത്ത് കൊണ്ടുവരുകയായിരുന്നു. ഇത് അവന്റെ അപ്പനെ നീക്കിക്കളയുവാൻ ദൈവത്തെ നിർബന്ധിച്ചു. പിന്നീട് അബ്രാഹാം തന്റെ അനന്തരവനായ ലോത്തിൽ ആശ്രയിച്ചു. ഇതിനുശേഷം, തന്റെ ദാസനായ എല്യേസറിൽ അവന്റെ ആശ്രയം വച്ചു (ഉല്പ. 15:2-4). "അബ്രാഹാമേ, നിന്റെ പിതാവ് നിന്നോടുകൂടെ ഇരിക്കുന്നത് കാണുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. നിന്റെ അനന്തരവൻ നിന്നോടുകൂടെ ആയിരിക്കുന്നതും എല്യേസർ നിന്നോടുകൂടെ ആയിരിക്കുന്നതു കാണുവാനും ഞാൻ ഇഷ്ടപ്പെടുന്നില്ല. ആശ്രയിക്കുവാൻ നിനക്ക് ആരും ഉണ്ടായിരിക്കരുതെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. നീ എന്നിൽ ആശ്രയിക്കണം. മറ്റെന്തിലെങ്കിലുമോ, സ്വഭാവത്താൽ നിനക്കുള്ള എന്തിലെങ്കിലുമോ ആശ്രയിക്കരുത്" എന്ന് ദൈവം പറയുകയായിരുന്നുവെന്നു തോന്നുന്നു. ഇതാണ് ദൈവത്തിൽ വിശ്വസിക്കുന്നതും, അവനിൽ നടക്കുന്നതും, അവനാൽ ജീവിക്കുന്നതും. ഇനി ഞാനല്ല, ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നത്.

നാം യഥാർഥ യെഹൂദന്മാരാണെങ്കിൽ, നാം യഥാർഥ അബ്രാഹാമുമാരാണ്. ഒരു അബ്രാഹാമായിരിക്കുന്നതിന് നാം കർത്താവിൽ വിശ്വസിക്കണം. കർത്താവിൽ വിശ്വസിക്കുന്നത് അവനുമായി സഹവർത്തിക്കുന്നവരായിത്തീരുന്നതാണ്. അബ്രാഹാം വീണുപോയ വംശത്തിൽനിന്നു വിളിക്കപ്പെടുകയും, അവൻ കർത്താവുമായി ബന്ധമുള്ളവനായിത്തീരുകയും ചെയ്തു. അബ്രാഹാമിന്റെ എല്ലാ പുത്രന്മാരും കർത്താവുമായി ഇതുപോലെ ബന്ധമുള്ളവരായിരിക്കണം. "നിങ്ങൾ ക്രിസ്തുവിന്റേത് എങ്കിൽ നിങ്ങൾ അബ്രാഹാമിന്റെ സന്തതിയാകുന്നു." മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നാം അബ്രാഹാമിന്റെ സന്തതിയാണെങ്കിൽ നാം

ക്രിസ്തുവിനുള്ളവരും ക്രിസ്തുവുമായി ബന്ധമുള്ളവരും ആണ്. നാം ക്രിസ്തുവുമായി ബന്ധമുള്ളവരായിരിക്കണമെങ്കിൽ നമ്മെത്തന്നെ നാം നിരാകരിക്കുകയും ക്രിസ്തുവിനെ സകലവുമായി എടുക്കുകയും വേണം. ഇതാണ് ക്രിസ്തുവിൽ വിശ്വസിക്കുന്നത്; ഇങ്ങനെ വിശ്വസിക്കുന്നത് ദൈവദൃഷ്ടിയിൽ നീതിയാണ്. യാതൊന്നും ചെയ്യുവാൻ ശ്രമിക്കരുത്. ക്രിസ്തുവിൽ വിശ്വസിക്കുക മാത്രം ചെയ്യുക.

Wed വീണുപോയ വംശം എപ്പോഴും എന്തെങ്കിലും ചെയ്യുവാൻ, പ്രവർത്തിക്കുവാനും ചിലതു പ്രയത്നിക്കുവാനും, ശ്രമിക്കുന്നു. എന്നാൽ ദൈവം പറയുന്നു, "അതിൽനിന്നു പുറത്തുവരുക. നീ വിളിക്കപ്പെട്ട വംശമാണ്. ഇനിമേൽ ശ്രമിക്കുകയും, ചെയ്യുകയും, പ്രവർത്തിക്കുകയും അരുത്! നിന്റെ കഴിഞ്ഞ കാലത്തെ മറക്കുക. നീ എന്താണെന്നും, നിനക്ക് എന്തു ചെയ്യാൻ കഴിയുമെന്നും, നിനക്ക് എന്തുണ്ടെന്നും മറക്കുക. സകലവും മറക്കുകയും നിന്റെ പൂർണ്ണ ആശ്രയം എന്നിൽ വയ്ക്കുകയും ചെയ്യുക. ഞാൻ നിന്റെ നല്ല ദേശമാണ്. എന്നിൽ ജീവിക്കുകയും, എന്നാൽ ജീവിക്കുകയും ചെയ്യുക." ഇവരാണ് യഥാർഥ അബ്രാഹാമുമാർ, യഥാർഥ ഗലാത്യർ. ദൈവത്തിന്റെ പുത്രന്മാരെന്ന നിലയിൽ അവർ ദൈവത്തിൽ ആശ്രയിക്കുകയും അവരെത്തന്നെ മറക്കുകയും ചെയ്യുന്നു. ഇവരാണ് ക്രിസ്തുവിന്റെ തലമുറയെ സംരചിക്കുന്നവർ. നാം എല്ലാവരും തങ്ങളുടെ കഴിഞ്ഞ കാലത്തെ മറക്കുകയും, തങ്ങൾ ആയിരിക്കുന്നതും തങ്ങൾക്കുള്ളതും ഉപേക്ഷിക്കുകയും, തങ്ങളുടെ ആശ്രയം അവരുടെ നല്ലദേശമായ ക്രിസ്തുവിൽ വയ്ക്കുകയും ചെയ്യുന്ന അബ്രാഹാമുമാരായിരിക്കണം. ഇന്ന് നമ്മുടെ നടപ്പും നമ്മുടെ ജീവിതവും ക്രിസ്തുവിലുള്ള വിശ്വാസത്താലായിരിക്കണം. അങ്ങനെയെങ്കിൽ, ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ അവകാശികളെന്ന നിലയിൽ, ആത്മാവിന്റെ വാഗ്ദത്തം അവകാശമാക്കുന്നവരെന്ന നിലയിൽ, നാം ദൈവത്തിന്റെ അനുഗ്രഹമായ ക്രിസ്തുവിൽ പങ്കുള്ളവരാകും.

ദൈവം തന്റെ വാഗ്ദത്തമനുസരിച്ച് നൽകിയിരുന്ന യിസ്ഹാക്കിനെ ഹോമയാഗമായി അർപ്പിക്കുവാൻ ഒരു സമയത്ത് കർത്താവ് അബ്രാഹാമിനോട് ആവശ്യപ്പെട്ടു (ഉല്പ. 22:1-2). കർത്താവ് യിസ്ഹാക്കിനെ അബ്രാഹാമിന് നൽകിയിരുന്നു: ഇപ്പോൾ അബ്രാഹാം യിസ്ഹാക്കിനെ കർത്താവിന് തിരികെ നൽകണമായിരുന്നു. യിശ്മായേലിനെ പുറത്താക്കുവാൻ കർത്താവ് അവനോട് നേരത്തേ ആജ്ഞാപിച്ചിരുന്നു (ഉല്പ. 21:10, 12): ഇപ്പോൾ തന്റെ പുത്രനായ യിസ്ഹാക്കിനെ കൊല്ലുവാൻ അവനോട് ആജ്ഞാപിച്ചു.

ഇത് ചെയ്യുവാൻ നിങ്ങൾ പ്രാപ്തനാണോ? എന്തുമാത്രം പ്രയാസമുള്ള ഒരു പാഠമാണിത്! എന്നിരുന്നാലും, ഇതാണ്

ക്രിസ്തുവിനെ അനുഭവമാക്കാനുള്ള മാർഗം. കഴിഞ്ഞ മാസമോ കഴിഞ്ഞ ആഴ്ചയോ ഒരു പ്രത്യേക രീതിയിൽ നിങ്ങൾ ക്രിസ്തുവിനെ അനുഭവിച്ചിട്ടുണ്ടാകാം, എന്നാൽ ഇന്ന് കർത്താവു പറയുന്നു, "ആ അനുഭവത്തെ സമർപ്പിക്കുക. അത് ക്രിസ്തുവിന്റെ ഒരു യഥാർഥ അനുഭവമായിരുന്നെങ്കിലും അതിനെ സൂക്ഷിക്കരുത്." നമുക്കുള്ളതിൽ, ദൈവം നമുക്ക് നൽകിയിരിക്കുന്നതിൽപോലും നാം ഒരിക്കലും ആശ്രയിക്കരുതെന്നതാണ് പിന്നെയുമുള്ള പാഠം. ദൈവം നിങ്ങൾക്ക് ചിലതു നൽകിയിട്ടുണ്ടെങ്കിൽ, അത് ദൈവത്തിന് മടക്കിക്കൊടുക്കണം. ഇതാണ് വിശ്വാസത്താലുള്ള ദിനംതോറുമുള്ള നടപ്പ്. വിശ്വാസത്താൽ കർത്താവിന്റെ സാന്നിധ്യത്തിൽ നടക്കുന്നതിന്റെ അർഥം നാം യാതൊന്നിനെയും, ദൈവത്താൽ നൽകപ്പെട്ട കാര്യങ്ങളെപ്പോലും പിടിച്ചുകൊള്ളുന്നില്ല എന്നാണ്. കർത്താവുതന്നെ നൽകിയ ഏറ്റവും നല്ല ദാനങ്ങൾ അവന് മടക്കിക്കൊടുക്കണം. ആശ്രയിക്കുന്നതിനു വേണ്ടിയുള്ള ചിലതായി യാതൊന്നിനെയും സൂക്ഷിക്കരുത്; എല്ലായ്പോഴും കർത്താവിനെ മാത്രം ആശ്രയിക്കുക. അബ്രാഹാം ഇതു ചെയ്തു. ഒടുവിൽ അവൻ വിശ്വാസത്താൽ ദൈവസാന്നിധ്യത്തിൽ ജീവിക്കുകയും നടക്കുകയും ചെയ്തു.

## E. യിസ്ഹാക്

മത്തായി 1:2 പറയുന്നു, "അബ്രാഹാം യിസ്ഹാക്കിനെ ജനിപ്പിച്ചു." ഇവിടെ യിസ്ഹാക്കിനെ സംബന്ധിച്ച വിശേഷതയേറിയ കാര്യം എന്താണ്? അത് യിസ്ഹാക് വാഗ്ദത്തത്താൽ ജനിച്ചവനായിരുന്നു എന്നതാണ് (ഗലാ. 4:22-26, 28-31; റോമ. 9:7-9). അവനായിരുന്നു ഏക അവകാശി (ഉല്പ. 21:10, 12; 22:2, 12, 16-18); അവൻ ക്രിസ്തുവിന്റെ വാഗ്ദത്തം അവകാശമാക്കി (ഉല്പ. 26:3-4).

ദൈവം അബ്രാഹാമിന് ഒരു മകനെ വാഗ്ദത്തം ചെയ്തിരുന്നു. തന്റെ വാഗ്ദത്തം നിറവേറ്റുന്നതിന് ദൈവത്തെ സഹായിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് സാറാ അബ്രാഹാമിനു മുമ്പിൽ ഒരു നിർദ്ദേശം വച്ചു. "നോക്കൂ അബ്രാഹാം, നിനക്കൊരു സന്തതിയെ, ഈ നല്ല ദേശത്തെ അവകാശമാക്കാനുള്ള ഒരു അവകാശിയെ, തരാമെന്ന് ദൈവം വാഗ്ദത്തം ചെയ്തു. എന്നാൽ നിന്നെത്തന്നെ നോക്കുക—നിനക്ക് ഏകദേശം തൊണ്ണൂറ് വയസ്സായി! എന്നെയും നോക്കുക—എനിക്കും വളരെ പ്രായമായി! ഒരു കുഞ്ഞിനെ പ്രസവിക്കുന്നത് എനിക്ക് അസാധ്യമാണ്. തന്റെ ഉദ്ദേശ്യം നിറവേറ്റുവാൻ ദൈവത്തെ സഹായിക്കേണ്ടതിന് നാം എന്തെങ്കിലും ചെയ്യണം. ഹാഗാർ എന്നു പേരുള്ള ഒരു ദാസി എനിക്കുണ്ട്. അവൾ വളരെ നല്ലവളാണ്. അവളാൽ തീർച്ചയായും നിനക്കൊരു മകനുണ്ടായിരിക്കുവാൻ കഴിയും" (ഉല്പ. 16:1-2). ഇത് സ്വാഭാവിക ധാരണയാണ്, ഇത് വളരെ പ്രലോഭിപ്പിക്കുന്നതുമാണ്. പലപ്പോഴും നമ്മുടെ

സ്വാഭാവിക ധാരണയ്ക്ക് നമ്മെ ആത്മാവിൽനിന്നും പുറത്തു കൊണ്ടുവരുവാൻ ചില നിർദ്ദേശം ഉണ്ട്. മിക്കപ്പോഴും നമ്മുടെ സ്വാഭാവിക ധാരണ പറയുന്നു, "ഇവിടെ നല്ലൊരു സ്രോതസ്സുണ്ട്. ഈ രീതിയിൽ ചെയ്യുക." എന്നാൽ അങ്ങനെയുള്ള നിർദ്ദേശം തീർച്ചയായും ദൈവത്തിന്റെ വാഗ്ദത്തത്തിൽനിന്നും നമ്മെ അകറ്റിക്കളയും!

അബ്രാഹാം സാറായുടെ നിർദ്ദേശം സ്വീകരിച്ചു (ഉല്പ. 16:2-4), ഫലം യിശ്മായേൽ ആയിരുന്നു (ഉല്പ. 16:15). ഈ ഭയങ്കരനായ യിശ്മായേൽ ഇന്നും ഇവിടെ ഉണ്ട്! സാറായുടെ നിർദ്ദേശത്തി ന്മേലുള്ള പ്രവൃത്തി ദൈവത്തെ സഹായിച്ചില്ല; മറിച്ച് അത് ദൈവോദ്ദേശ്യം നിറവേറ്റുന്നതിൽനിന്നും അബ്രാഹാമിനെ തടസ്സപ്പെടുത്തി. ഇതൊരു ചെറിയ കാര്യമല്ല.

ഇതിൽനിന്നും നമുക്കു ലഭിക്കുന്ന പാഠം, വിളിക്കപ്പെട്ട വംശമെന്ന നിലയിൽ നാം സ്വന്തമായി ചെയ്യുന്ന എന്തും ഒരു യിശ്മായേലിൽ പരിണമിക്കും എന്നാണ്. സഭാജീവിതത്തിൽ നമ്മുടെ സ്വന്തമായി നാം ചെയ്യുന്നതെന്തും, സുവിശേഷം പ്രസംഗിക്കുന്നതുപോലും, ഒരു യിശ്മായേലിനെ മാത്രമേ ഉളവാക്കുകയുള്ളൂ. യിശ്മായേലുമാരെ ഉല്പാദിപ്പിക്കരുത്! നിങ്ങളെത്തന്നെ അവസാനിപ്പിക്കുക! യൂഫ്രാത്തേസ് എന്ന ആ മഹാനദി നിങ്ങൾ മുറിച്ചു കടന്നില്ലേ? നിങ്ങളെ ബാബേലിൽനിന്നു വിളിച്ചപ്പോൾ നിങ്ങൾ ആ മഹാനദി മുറിച്ചുകടക്കുകയും അവിടെ അടക്കപ്പെടുകയും ചെയ്യു. നിങ്ങൾ അവിടെ അവസാനിപ്പിക്കപ്പെട്ടു. നിങ്ങളാൽത്തന്നെ ജീവിക്കുകയോ നിങ്ങളാൽത്തന്നെ എന്തെങ്കിലും ചെയ്യുകയോ അരുത്. പകരം, നിങ്ങൾ പറയണം, "കർത്താവേ, ഞാൻ ഒന്നുമല്ല. നിന്നെക്കൂടാതെ എനിക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. കർത്താവേ, നീ ഒന്നും ചെയ്യുന്നില്ലെങ്കിൽ, ഞാനും ഒന്നും ചെയ്യുകയില്ല. നീ വിശ്രമിക്കു ന്നുവെങ്കിൽ ഞാനും വിശ്രമിക്കുന്നു. കർത്താവേ, എന്റെ ആശ്രയം ഞാൻ നിന്നിൽ വയ്ക്കുന്നു." ഇതു പറയാൻ എളുപ്പമാണ്, എന്നാൽ ദിവസേനയുള്ള നമ്മുടെ ജീവിതത്തിൽ അനുഷ്ഠിക്കുവാൻ പ്രയാസമാണ്.

ഒരു അബ്രാഹാം എന്താണെന്ന് ഓർക്കുക: തന്നാൽത്തന്നെ ഒന്നും ചെയ്യാത്ത വിളിക്കപ്പെട്ട ഒരുവനാണ് ഒരു അബ്രാഹാം. അബ്രാഹാമും സാറായും അവസാനമെത്തുവോളം ദൈവത്തിന് കാത്തിരിക്കണമായിരുന്നു (ഉല്പ. 17:17; റോമ. 4:19 കാണുക). അവരുടെ സ്വാഭാവിക ഊർജ്ജം മരിക്കുന്നതുവരെ, ഒരു കുഞ്ഞിനെ പ്രസവിക്കുവാൻ അവർക്ക് അസാധ്യമാണെന്ന് അവർ തിരിച്ചറിയാൻ ഇടവരുന്നതുവരെ, ദൈവം കാത്തിരുന്നു.

യിശ്മായേലിനെ സൂക്ഷിക്കുവാനും അവനിൽ ആശ്രയിക്കുവാനും അബ്രാഹാം ആഗ്രഹിച്ചുവെങ്കിലും ദൈവം യിശ്മായേലിനെ തിരസ്കരിച്ചു (ഉല്പ. 17:18-19). നമ്മുടെ സ്വന്തം

പ്രവൃത്തിയെ സൂക്ഷിക്കുവാനും അതിൽ ആശ്രയിക്കുവാനും നാമും ഇഷ്ടപ്പെടുന്നു, എന്നാൽ ദൈവം അത് അംഗീകരിക്കുന്നില്ല. ഒടുവിൽ, യിശ്മായേലിനെയും അവന്റെ അമ്മയെയും പുറത്താക്കുവാൻ ദൈവം അബ്രാഹാമിനോട് ആവശ്യപ്പെട്ടു (ഉല്പ. 21:10-12). ഇതു ചെയ്യുവാൻ അബ്രാഹാമിന് പ്രയാസമായിരുന്നു. എന്നാൽ തന്നാൽത്തന്നെ ജീവിക്കാതിരിക്കുന്ന പാഠം, തന്റെ സ്വന്തം പ്രവൃത്തിയെ ഉപേക്ഷിക്കുകയും തന്നാൽത്തന്നെ ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന പാഠം, അവൻ പഠിക്കണമായിരുന്നു. അവന് ഒരു മകൻ ഉണ്ടായിരുന്നെങ്കിലും, അവൻ അവനെ ഉപേക്ഷിക്കണമായിരുന്നു. ഇതാണ് അബ്രാഹാമിന്റെ പാഠവും, ഗലാത്യരുടെ പുസ്തകത്തിലുള്ള പാഠവും.

ക്രിസ്തുവിൽ പങ്കുകൊള്ളേണ്ടതിന് നാം നമ്മുടെ സ്വന്തം പ്രയത്നത്തിലും നമുക്ക് ചെയ്യാൻ കഴിവുള്ള യാതൊന്നിലും ഒരിക്കലും ആശ്രയിക്കാതിരിക്കുന്നത് ആവശ്യമാകുന്നു. യിസ്ഹാക് ദൈവത്തിന്റെ വാഗ്ദത്തം അവകാശമാക്കുന്നതിന് യിശ്മായേൽ ഒരു തടസ്സമായിരുന്നതുപോലെ നമ്മുടെ സ്വന്തം പ്രയത്നമോ വേലയോ ക്രിസ്തുവിലുള്ള നമ്മുടെ പങ്കുകൊള്ളലിനെ എപ്പോഴും തടസ്സപ്പെടുത്തും. ദൈവത്തിന്റെ വാഗ്ദത്തത്തിൽ ആശ്രയിക്കുന്നതിനായി നാം ആയിരിക്കുന്ന എല്ലാറ്റിനെയും നമുക്കുള്ള എല്ലാറ്റിനെയും നാം ഉപേക്ഷിക്കണം. നമ്മുടെ സ്വാഭാവിക ജീവന്റേതായ സകലവും നാം നിരാകരിക്കണം: അല്ലെങ്കിൽ നമുക്ക് ക്രിസ്തുവിനെ ആസ്വദിക്കുവാൻ കഴിയുകയില്ല. നമ്മുടെ സ്വാഭാവിക ബലം തീർന്നുപോയ ശേഷം ദൈവത്തിന്റെ വാഗ്ദത്തം വരുന്നു. യിശ്മായേൽ പുറത്താക്കപ്പെട്ടശേഷം ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ അനുഗ്രഹത്തിൽ പങ്കെടുക്കുവാൻ യിസ്ഹാക്കിന് പൂർണ്ണ സ്ഥാനമുണ്ടായിരുന്നു. നമ്മുടെ സ്വാഭാവിക പ്രയത്നത്തിന്റെ അവസാനിപ്പിക്കൽ, നമുക്കു ചെയ്യുവാൻ കഴിയുന്നതോ ചെയ്തതോ ആയതിന്റെ ഉപേക്ഷിക്കൽ, ആണ് ദൈവത്തിന്റെ വാഗ്ദത്തം ചെയ്യപ്പെട്ട അനുഗ്രഹത്തിന്റെ അവകാശമാക്കലായ "യിസ്ഹാക്", അത് ക്രിസ്തു ആകുന്നു. നാം ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു (ഗലാ. 3:27). ക്രിസ്തുവിൽ അവസാനിപ്പിക്കപ്പെട്ടിട്ട് നാം ഇപ്പോൾ അവന്റേതാണ്; നമ്മുടെ ഓഹരിയായി അവൻ നമുക്കുണ്ട്. അങ്ങനെ, നാം അബ്രാഹാമിന്റെ സന്തതിയും, ദൈവത്തിന്റെ വിളിക്കപ്പെട്ട വംശവും, ദൈവത്തിന്റെ വാഗ്ദത്തപ്രകാരമുള്ള അവകാശികളും ആണ് (ഗലാ. 3:29).

എന്താണ് യിസ്ഹാക്? ജീവന്റെയും വിശ്വാസത്താലുള്ള നടപ്പിന്റെയും ഫലമാണ് യിസ്ഹാക്. ഇതാണ് ക്രിസ്തു. പിതാവിന്റെ സകല സമ്പത്തും അവകാശമാക്കുന്ന ക്രിസ്തുവിന്റെ ഒരു പൂർണ്ണ മുൻകുറിയാണ് യിസ്ഹാക്. ഇങ്ങനെയുള്ള ഒരു രീതിയിൽ, നമ്മുടെ പ്രവർത്തിയാലോ, പരിശ്രമത്താലോ,

കഠിനാദ്ധ്വനത്താലോ അല്ല, കേവലം അവനിൽ ആശ്രയിക്കുന്നതിലൂടെ നാം എല്ലാവരും ക്രിസ്തുവിനെ അനുഭവമാക്കണം. അവനിലുള്ള നമ്മുടെ ആശ്രയം യിസ്ഹാക്കിൽ പരിണമിക്കും. യിസ്ഹാക് മാത്രമാണ് ക്രിസ്തുവിന്റെ തലമുറയുടെ യഥാർഥ മൂലകം. ജഡത്തിൽ ജനിച്ചവരായ അബ്രാഹാമിന്റെ എല്ലാ മക്കളും ദൈവമക്കളല്ല; യിസ്ഹാക്കിൽ മാത്രമാണ് ദൈവത്തിന് തന്റെ മക്കൾ ഉണ്ടായിരിക്കുകയുള്ളൂ (റോമ. 9:7-8). അതുകൊണ്ട്, ദൈവം യിസ്ഹാക്കിനെ അബ്രാഹാമിന്റെ ഏകജാതനായ പുത്രനായി, ക്രിസ്തുവിനെ സംബന്ധിച്ച വാഗ്ദത്തം അവകാശമാക്കുവാനുള്ള ഒരേ ഒരുത്തനായി പരിഗണിച്ചു (ഉല്പ. 21:10,12; 22:2, 12, 16-18; 26:3-4).

നാം ഇന്ന് അബ്രാഹാമിന്റെ വംശമാണെങ്കിലും, നാം യിശ്മായേലിന്റെ വഴിയിൽ നടക്കുകയാണോ അതോ നാം യിസ്ഹാക്കിന്റെ വഴിയിൽ ജീവിക്കുകയാണോ? നമ്മുടെ സ്വന്തം ഊർജ്ജത്താലും പ്രവൃത്തിയാലും ദൈവോദ്ദേശ്യം നിറവേറ്റുന്നതാണ് യിശ്മായേലിന്റെ വഴി. യിസ്ഹാക്കിന്റെ വഴി, നമുക്കുവേണ്ടിയുള്ള അവന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിന് സകലവും ചെയ്യുവാൻ അവനെ ആശ്രയിച്ചുകൊണ്ട് നമ്മെ ദൈവത്തിലേക്കു വയ്ക്കുന്നതാണ്. എത്ര വലിയ വ്യത്യാസമാണ് ഈ രണ്ടു വഴികൾ തമ്മിലുള്ളത്! യിശ്മായേലിന് ക്രിസ്തുവുമായി യാതൊരു കാര്യവുമില്ല. നാം എന്തു ചെയ്താലും, നാം എന്തു നിർവഹിക്കുവാൻ ശ്രമിച്ചാലും, അതിനൊന്നിനും ക്രിസ്തുവുമായി യാതൊരു കാര്യവുമില്ല. നമുക്ക് യിസ്ഹാക് ഉണ്ടായിരിക്കണം. നമുക്ക് യിസ്ഹാക് ഉണ്ടായിരിക്കണമെങ്കിൽ, നാം യിശ്മായേലിനെ പുറത്താക്കുകയും, നമ്മുടെ പ്രവൃത്തി അവസാനിപ്പിക്കുകയും, നമ്മെത്തന്നെ ദൈവത്തിന്റെ പ്രവർത്തനത്തിലേക്ക് വയ്ക്കുകയും വേണം. നമുക്കുവേണ്ടിയുള്ള അവന്റെ ഉദ്ദേശ്യം നിറവേറ്റുവാൻ നാം അവനെ അനുവദിക്കുമെങ്കിൽ, നമുക്ക് യിസ്ഹാക് ഉണ്ടായിരിക്കും.

## F. യാക്കോബ്

വാക്യം 2 പറയുന്നു, "യിസ്ഹാക് യാക്കോബിനെ ജനിപ്പിച്ചു." യിസ്ഹാക്കും യിശ്മായേലും ഒരേ പിതാവിനാലുള്ള സഹോദരന്മാരായിരുന്നെങ്കിലും വ്യത്യസ്ത അമ്മമാരാലായിരുന്നു. യാക്കോബും ഏശാവും കൂടുതൽ ദൃഢബദ്ധരായിരുന്നു; അവർ ഇരട്ടകളായിരുന്നു. യാക്കോബ് അർഥമാക്കുന്നത് ഒതുക്കിക്കളയുന്നവൻ എന്നാണ്. അവൻ മറ്റുള്ളവരെ ഒതുക്കിക്കളയുകയും, അവരെ അവനു കീഴിൽ വയ്ക്കുകയും, അവരുടെമേൽ കയറുകയും ചെയ്യുന്നു. അവനും അവന്റെ മൂത്ത സഹോദരനായ ഏശാവും ഗർഭത്തിൽനിന്നു പുറത്തു വരുമ്പോൾ യാക്കോബ് ഏശാവിന്റെ കുതികാൽ പിടിച്ചിരുന്നു. "ഏശാവേ, ഇപ്പോൾ പുറത്തു പോകരുത്!

എനിക്കുവേണ്ടി കാത്തിരിക്കുക. ഞാൻ ആദ്യം പോകട്ടെ!" എന്ന് യാക്കോബ് പറഞ്ഞതായി തോന്നുന്നു. യാക്കോബ് വാസ്തവമായും കുതികാൽ പിടിക്കുന്ന ഒരുവനായിരുന്നു. യാക്കോബ് എന്ന പേരിന്റെ അർഥം കുതികാൽ പിടിക്കുന്നവൻ, ഉപായി എന്നാണ്. മറ്റുള്ളവരെ അടിച്ചു താഴെയിടുക. അവരെ ഏതെങ്കിലും വഞ്ചനാപരമായ മുഖാന്തരങ്ങളാൽ നിങ്ങളുടെ പാദത്തിനു കീഴിൽ വയ്ക്കുക. അതാണ് യാക്കോബ്.

ദൈവം യാക്കോബിനെ നേരത്തെ തിരഞ്ഞെടുത്തിരുന്നതു കൊണ്ട്, അവന്റെ സകല ഉദ്യമങ്ങളും വെറുതെയായി. യാക്കോബിന് ഒരു ദർശനം ആവശ്യമായിരുന്നു. അവൻ മറ്റുള്ളവരെ തട്ടിവീഴ്ത്തേണ്ട ആവശ്യമില്ലായിരുന്നു; കാരണം അവൻ ഒന്നാമനായിരിക്കുവാൻ ദൈവം അവനെ തിരഞ്ഞെടുത്തിരുന്നു. ഇരട്ടകൾ ജനിക്കുന്നതിനു മുമ്പുതന്നെ ഇളയവൻ ഒന്നാമനായിരിക്കുമെന്നും മൂത്തവൻ രണ്ടാമനായിരിക്കുമെന്നും ദൈവം അവന്റെ അമ്മയോടു പറഞ്ഞിരുന്നു. "ഞാൻ യാക്കോബിനെ സ്നേഹിച്ചു, ഏശാവിനെ വെറുത്തു" എന്ന് എഴുതിയിരിക്കുന്നു (മലാ. 1:2-3; റോമ. 9:13).

നിർഭാഗ്യവശാൽ, യാക്കോബ് ഇത് തിരിച്ചറിഞ്ഞില്ല. അവൻ തിരിച്ചറിഞ്ഞിരുന്നെങ്കിൽ യാതൊന്നും ചെയ്യുവാൻ ശ്രമിക്കുമായിരുന്നില്ല. മറിച്ച്, അവൻ ഏശാവിനോട് ഇങ്ങനെ പറയണമായിരുന്നു, "നിനക്ക് ആദ്യം പുറത്തു പോകണമെങ്കിൽ പൊയ്ക്കൊള്ളുക. ഒന്നാമനായിരിക്കുവാൻ നീ എത്രതന്നെ ശ്രമിച്ചാലും ഞാൻ തന്നെയായിരിക്കും ഒന്നാമൻ. ദൈവം എന്നെ തിരഞ്ഞെടുത്തിരിക്കുന്നതുകൊണ്ട് നിനക്കൊരിക്കലും എന്നെ തോല്പിക്കുവാൻ കഴിയുകയില്ല." എങ്കിലും യാക്കോബ് ഇത് അറിഞ്ഞിരുന്നില്ല. അവൻ വളർന്നുകഴിഞ്ഞപ്പോഴും അതു തിരിച്ചറിഞ്ഞില്ല. അതുകൊണ്ട്, അവൻ നിരന്തരം ഉപായം പ്രയോഗിച്ചുകൊണ്ടിരുന്നു. അവൻ പോയിടത്തെല്ലാം അവൻ ഉപായം പ്രയോഗിച്ചു. അവന്റെ സഹോദരനോടും (ഉല്പ. 25:29-33; 27:18-18), അമ്മാവനോടും (ഉല്പ. 30:37—31:1) അവൻ ഉപായം പ്രയോഗിച്ചു. അവൻ തന്ത്രം മെനയുകയും അവന്റെ അമ്മാവനായ ലാബാനിൽനിന്നും മോഷ്ടിക്കുകയും ചെയ്തു. എന്നിട്ടും അവന്റെ എല്ലാ അധ്വാനവും വെറുതെയായി. "അവിവേകിയായ യാക്കോബേ. നീ അതു ചെയ്യേണ്ട ആവശ്യമില്ല. നീ നേടിയതിനെക്കാൾ കൂടുതൽ ഞാൻ നിനക്കു തരും" എന്ന് ദൈവത്തിന് പറയാൻ കഴിഞ്ഞു. എന്നാൽ യാക്കോബ് പ്രയത്നിച്ചുകൊണ്ടേയിരുന്നു. അവൻ അബ്രാഹാമിന്റെ പിൻതലമുറക്കാരനായിരുന്നെങ്കിലും അവന്റെ അധ്വാനവും അവന്റെ പ്രകൃതവും അനുസരിച്ച് അവൻ മൊത്തത്തിൽ പിശാചിന്റെ പിൻതലമുറക്കാരനായിരുന്നു. നിങ്ങൾ ഇതു കാണുന്നുണ്ടോ? സ്ഥാനീയമായി പറഞ്ഞാൽ യാക്കോബ് അബ്രാഹാമിന്റെ പിൻതലമുറക്കാരനായിരുന്നു.

എന്നാൽ സ്വഭാവപരമായി പറഞ്ഞാൽ അവൻ പിശാചിന്റെ ഒരു പൈതലായിരുന്നു.

യാക്കോബിന് എന്തു വേണമായിരുന്നു? അവന് ദൈവത്തിന്റെ ഇടപെടൽ ആവശ്യമായിരുന്നു. തന്മൂലം, അവനോട് ഇടപെടുവാൻ ദൈവം അവന്റെ സഹോദരനായ ഏശാവിനെയും പിന്നീട് അവന്റെ അമ്മാവനായ ലാബാനെയും എഴുന്നേല്പിച്ചു. നാലു ഭാര്യമാരെയും പന്ത്രണ്ട് പുരുഷ സഹായികളെയും ഒരു പെൺ സഹായിയെയുംകൂടെ ദൈവം എഴുന്നേൽപിച്ചു. യാക്കോബിന്റെ ജീവിതത്തിൽ വളരെ വലിയ കഷ്ടങ്ങളുണ്ടായിരുന്നു, എന്നാൽ ഈ കഷ്ടം വന്നത് അവന്റെ പരിശ്രമത്തിൽനിന്നാണ്, ദൈവത്തിന്റെ തിരഞ്ഞെടുപ്പിൽനിന്നല്ല. യാക്കോബ് എത്രയധികം പരിശ്രമിച്ചുവോ, അത്രയധികം അവൻ കഷ്ടംസഹിച്ചു. നാം യാക്കോബിനെ നോക്കി ചിരിച്ചേക്കാം, എന്നാൽ നാമും അവനെപ്പോലെ തന്നെയാണ്. നാം എത്രമാത്രം ചിലതു ചെയ്യുവാൻ ശ്രമിക്കുന്നുവോ, അത്രമാത്രം പ്രശ്നങ്ങൾ നമുക്കുണ്ട്.

ക്രിസ്തുവിൽ നമുക്ക് ഒന്നാമത് അബ്രാഹാമിന്റെ ജീവൻ ആവശ്യമാണ്. നാം എന്താണെന്നത് നാം മറക്കുകയും, ക്രിസ്തുവിനാൽ ജീവിക്കുകയും അവനിൽ ആശ്രയിക്കുകയും വേണം. രണ്ടാമത്, ക്രിസ്തുവിൽ നമുക്ക്, നമ്മുടെ പ്രവർത്തിയായ, യിശ്മായേലിന്റെ ആവശ്യമില്ല; നമുക്ക് ദൈവത്തിന്റെ പ്രവർത്തിയായ യിസ്ഹാക്കിനെയാണ് ആവശ്യം. മൂന്നാമത്, നമുക്ക് യാക്കോബിനെ ആവശ്യമില്ല, യിസ്രായേലിനെയാണ് ആവശ്യം. സ്വാഭാവിക യാക്കോബിനെയല്ല, രൂപാന്തരപ്പെട്ട യിസ്രായേലിനെ, ദൈവത്തിന്റെ രാജകുമാരനെയാണ് നമുക്കാവശ്യം.

ഇത് തികച്ചും നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന കാര്യമല്ലെന്ന് നിങ്ങൾ തിരിച്ചറിയുന്നുവോ? നിങ്ങൾ ഇതു കേൾക്കുമ്പോൾ നിങ്ങൾ പറയുമായിരിക്കും, "ഇത് എന്നിൽ നിക്ഷിപ്തമല്ല, എന്നാൽ പൂർണ്ണമായി ദൈവത്തിൽ നിക്ഷിപ്തമാണെങ്കിൽ, എന്റെ അന്വേഷണം ഞാൻ നിർത്തും." നല്ലത്. നിങ്ങളുടെ അന്വേഷണം നിങ്ങൾക്ക് നിർത്തുവാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇത് അവനിൽ നിക്ഷിപ്തമാണെന്ന് നിങ്ങൾ കേട്ടുവെന്നും, നിങ്ങളുടെ അന്വേഷണം നിങ്ങൾ നിർത്തിയെന്നും മുഴുവൻ പ്രപഞ്ചത്തോടും പറയുക. ഇത് നിർത്തുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ അതു നിർത്തണം. എന്നാൽ ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു, നിങ്ങൾ എത്രത്തോളം നിർത്തുന്നുവോ അത്രയും നല്ലത്. നിങ്ങൾ എത്രത്തോളം നിർത്തുന്നുവോ, അത്രത്തോളം അവൻ എഴുന്നേൽക്കും. ശ്രമിച്ചുനോക്കുക. കർത്താവിനോടു പറയുക, "കർത്താവേ, എന്റെ അന്വേഷണം ഞാൻ നിർത്തുന്നു!" കർത്താവു പറയും, "അത് മനോഹരമാണ്! നിന്റെ നിർത്തൽ ചിലതു ചെയ്യുവാൻ എനിക്ക്

വാതിൽ തുറന്നുതരുന്നു. ഞാൻ നിന്നെ ദഹിപ്പിക്കും. നിന്റെ അന്വേഷണം നീ നിർത്തുമായിരിക്കും, എന്നാൽ ഞാൻ നിന്നെ ദഹിപ്പിക്കും!"

നാം എല്ലാവരും തിരഞ്ഞെടുക്കപ്പെട്ടവരാണ്. ഒരർഥത്തിൽ നാം പിടിക്കപ്പെട്ടവരാണ്. നമുക്കെന്തു ചെയ്യുവാൻ കഴിയും? നമുക്കൊരിക്കലും വിട്ടുപോകുവാൻ കഴിയുകയില്ല. ഇത് തികച്ചും കർത്താവിന്റെ കരുണ നിമിത്തമാണ്. ഈ വഴി നാം തിരഞ്ഞെടുത്തതല്ല. ഞാൻ തീർച്ചയായും ഇതു തിരഞ്ഞെടുത്തില്ല, എന്നാൽ ഇതാ, ഞാൻ ഇവിടെ ഉണ്ട്. എനിക്കെന്തു ചെയ്യാൻ കഴിയും? എനിക്കെന്തു പറയാൻ കഴിയും? ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുന്നതുകൊണ്ട് നമുക്കൊരിക്കലും വിട്ടുപോകുവാൻ കഴിയുകയില്ല.

നാം റോമർ 9 വായിക്കുന്നുവെങ്കിൽ, ഇത് അവനിൽ നിക്ഷിപ്തമാണ്, നമ്മിലല്ല എന്ന് നാം കണ്ടെത്തും. ഉറവിടം അവനായിരുന്നു, ഇപ്പോഴും അവനാണ്. അവന്റെ കരുണ നമ്മുടെ അടുക്കൽ വന്നതിനായി കർത്താവിനെ സ്തുതിക്കാം! ആർക്കും അവന്റെ കരുണയെ ത്യജിക്കുവാൻ കഴിയുകയില്ല. അവന്റെ പ്രവൃത്തിയെ നാം ത്യജിക്കുമായിരിക്കാം, എന്നാൽ അവന്റെ കരുണയെ ത്യജിക്കുവാൻ നമുക്കൊരിക്കലും കഴിയുകയില്ല (പുറ. 33:19; റോമ. 9:15). ക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുവാനും, ദൈവത്തിന്റെ നിത്യാനുഗ്രഹമായ അവനിൽ പങ്കുകൊള്ളുവാനും നാം തിരഞ്ഞെടുക്കപ്പെട്ടു എന്നത് എന്തൊരു കരുണയാണ്! ഒരർഥത്തിൽ നാം അബ്രാഹാമാണ്, മറ്റൊരർഥത്തിൽ നാം യിസ്ഹാക്കും, ഇനിയും വേറൊരു അർഥത്തിൽ നാം യാക്കോബും ആണ്. പിന്നെ നാലാമതൊരു അർഥത്തിൽ നാം യിസ്രായേലായിരിക്കും. അങ്ങനെ നമുക്ക് അബ്രാഹാമും, യിസ്ഹാക്കും, യാക്കോബും ഉണ്ട്.

ക്രിസ്തുവിന്റെ വംശാവലി ജ്യേഷ്ഠാവകാശത്തിന്റെ വിഷയവും, ജ്യേഷ്ഠാവകാശം മുഖ്യമായി ക്രിസ്തുവുമായുള്ള ബന്ധത്തിന്റെയും ക്രിസ്തുവിലുള്ള പങ്കാളിത്തത്തിന്റെയും വിഷയവും ആണ്. യാക്കോബിന്റെ ഉപായം നീതീകരിക്കപ്പെട്ടിരുന്നില്ല, എന്നാൽ ജ്യേഷ്ഠാവകാശത്തിനു പുറകെയുള്ള അവന്റെ അന്വേഷണം തീർച്ചയായും ദൈവം മാനിച്ചു. ഏശാവ് ജ്യേഷ്ഠാവകാശത്തെ നിന്ദിക്കുകയും അതിനെ കുറഞ്ഞ വിലയ്ക്ക് വിൽക്കുകയും ചെയ്തു (ഉല്പ. 25:29-34). അങ്ങനെ, അവൻ അതു നഷ്ടപ്പെടുത്തുകയും, അതിനെയോർത്ത് ദുഃഖിക്കുകയും വിലപിക്കുകയും ചെയ്തുവെങ്കിലും അത് തിരികെ ലഭിക്കുവാൻ സാധിക്കാതെവരുകയും ചെയ്തു (ഉല്പ. 27:34-38; എബ്രാ. 12:16-17). ക്രിസ്തുവിൽ പങ്കുകൊള്ളുവാനുള്ള അനുഗ്രഹം അവനു നഷ്ടമായി. ഇത് നമുക്കൊരു മുന്നറിയിപ്പായിരിക്കണം. യാക്കോബ്

ജ്യേഷ്ഠാവകാശത്തെ ബഹുമാനിക്കുകയും, അന്വേഷിക്കുകയും, അതു നേടുകയും ചെയ്തു. അവൻ ക്രിസ്തു എന്ന ദൈവത്തിന്റെ വാഗ്ദത്തം ചെയ്യപ്പെട്ട അനുഗ്രഹം അവകാശമാക്കി (ഉല്പ. 28:4,14).

## G. യെഹൂദാ

വാക്യം 2 പറയുന്നു, "യാക്കോബ് യെഹൂദായെയും അവന്റെ സഹോദരന്മാരെയും ജനിപ്പിച്ചു." യാക്കോബിന്റെ ആദ്യത്തെ മകൻ രൂബേൻ ആയിരുന്നു. ആദ്യത്തെ മകന്റെ ഓഹരിയായ ജ്യേഷ്ഠാവകാശം രൂബേനിനായിരുന്നു ലഭിക്കേണ്ടിയിരുന്നത്. ജ്യേഷ്ഠാവകാശത്തിൽ മൂന്ന് ഘടകങ്ങൾ ഉൾപ്പെടുന്നു: ദേശത്തിന്റെ ഇരട്ടി പങ്കും, പൗരോഹിത്യവും, രാജത്വവും. രൂബേൻ ആദ്യത്തെ പുത്രനായിരുന്നെങ്കിലും, അവന്റെ അശുദ്ധി നിമിത്തം അവൻ തന്റെ ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തി (ഉല്പ. 49:3-4; 1 ദിന. 5:1-2). അങ്ങനെ ദേശത്തിന്റെ ഇരട്ടി പങ്ക് യോസേഫിനു പോയി. അത് അവന്റെ നിർമ്മലത മൂലമായിരിക്കണം (ഉല്പ. 39:7-20). അവൻ തന്റെ പിതാവിനോട് ഉറ്റിരുന്നവനും തന്റെ പിതാവിന്റെ ഹൃദയത്തിലെ ഇഷ്ടത്തിനു വേണ്ടിയായിരുന്നവനുമായ മകനായിരുന്നു (ഉല്പ. 37:2-3, 12-17). യോസേഫിന്റെ രണ്ടു പുത്രന്മാരായ മനശ്ശെക്കും എഫ്രയീമിനും ദേശത്തിന്റെ ഓരോ പങ്ക് ലഭിച്ചു (യോശു. 16-ഉം 17-ഉം). അങ്ങനെ തന്റെ രണ്ടു പുത്രന്മാരിലൂടെ അവൻ നല്ലദേശത്തിന്റെ രണ്ടു പങ്കുകൾ സ്വന്തമാക്കി.

ജ്യേഷ്ഠാവകാശത്തിന്റെ പൗരോഹിത്യ പങ്ക് ലേവിക്കു പോയി (ആവ. 33:8-10). ലേവി വളരെയധികം ദൈവത്തിന്റെ ഹൃദയത്തിനു പിന്നാലെയായിരുന്നു. ദൈവത്തിന്റെ ആഗ്രഹം നിറവേറ്റുന്നതിനായി ലേവി തന്റെ മാതാപിതാക്കളെയും, തന്റെ സഹോദരന്മാരെയും, തന്റെ മക്കളെയും മറക്കുകയും, ദൈവത്തിന്റെ ആഗ്രഹത്തിനുവേണ്ടി മാത്രം കരുതുകയും ചെയ്തു. അങ്ങനെ, അവൻ ജ്യേഷ്ഠാവകാശത്തിന്റെ പൗരോഹിത്യ പങ്ക് സ്വീകരിച്ചു.

ജ്യേഷ്ഠാവകാശത്തിന്റെ മറ്റൊരു പങ്കായ രാജത്വം യെഹൂദായ്ക്ക് നൽകപ്പെട്ടു (ഉല്പ. 49:10; 1 ദിന. 5:2). നാം ഉല്പത്തി വായിക്കുന്നുവെങ്കിൽ, ഇതിനുള്ള കാരണം നാം കണ്ടെത്തും. യോസേഫ് തന്റെ സഹോദരന്മാരുടെ ഗൂഢാലോചനയിൻകീഴിൽ കഷ്ടം സഹിച്ചപ്പോൾ യെഹൂദാ അവനുവേണ്ടി കരുതി (ഉല്പ. 37:26). കഷ്ടത്തിന്റെ സമയത്ത് അവൻ ബെന്യാമീനെയും കരുതിയിരുന്നു (ഉല്പ. 43:8-9; 44:14-34). ഇതു നിമിത്തമായിരിക്കാം രാജത്വം യെഹൂദയ്ക്കു പോയതെന്ന് ഞാൻ വിശ്വസിക്കുന്നു.

നാം ഇന്ന് "ആദ്യജാതന്മാരുടെ സഭ" ആണ് (എബ്രാ. 12:23). നമ്മുടെ ജ്യേഷ്ഠാവകാശവും ഈ മൂന്ന് ഘടകങ്ങൾ—ക്രിസ്തുവിന്റെ ഇരട്ടി പങ്കും, പൗരോഹിത്യവും, രാജത്വവും—ചേരുന്നതാണ്.

നാം ക്രിസ്തുവിലായതിനാൽ, നമുക്ക് ഇരട്ടി പങ്കിൽ അവനെ ആസ്വദിക്കുവാൻ കഴിയും. നാമും ദൈവത്തിന്റെ പുരോഹിതന്മാരും രാജാക്കന്മാരുമാണ്. എങ്കിലും, അനേകം ക്രിസ്ത്യാനികൾക്കും തങ്ങളുടെ ജ്യേഷ്ഠാവകാശം നഷ്ടമായി. അവർ രക്ഷിക്കപ്പെട്ടവരും ഒരിക്കലും നഷ്ടപ്പെട്ടുപോകുവാൻ കഴിയാത്തവരും ആണ്, എന്നാൽ ക്രിസ്തുവിലുള്ള അവരുടെ അധിക പങ്ക് അവർക്കു നഷ്ടമായി. ക്രിസ്തുവിന്റെ അധിക പങ്ക് നാം ആസ്വദിക്കണമെങ്കിൽ, നമ്മുടെ ജ്യേഷ്ഠാവകാശം നാം സൂക്ഷിക്കണം.

എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരായി പുനർജനിച്ചവരാണ് (വെളി. 1:6). എന്നാൽ ഇന്ന് നിരവധിപേർ തങ്ങളുടെ പൗരോഹിത്യം നഷ്ടപ്പെടുത്തി. അവരുടെ പ്രാർഥിക്കുന്ന സ്ഥാനം അവർ നഷ്ടപ്പെടുത്തിയതുകൊണ്ട്, പ്രാർഥിക്കുന്നത് അവർക്കു പ്രയാസമാണ്. നമ്മുടെ പൗരോഹിത്യം നാം സൂക്ഷിക്കണമെങ്കിൽ നാം ലേവ്യരെപ്പോലെയായിരിക്കുകയും, നമ്മുടെ പിതാവിനെയും, നമ്മുടെ സഹോദരന്മാരെയും, നമ്മുടെ മക്കളെയും നാം മറക്കുകയും, ദൈവത്തിന്റെ താല്പര്യത്തെ കരുതുകയും വേണം. നമ്മുടെ കുടുംബങ്ങളല്ല, മറിച്ച് ദൈവത്തിന്റെ ആഗ്രഹം ഒന്നാമതായിരിക്കണം. നമ്മുടെ ഹൃദയങ്ങളിൽ ഒന്നാം സ്ഥാനം ദൈവത്തിന്റെ ആഗ്രഹത്തിനാണെങ്കിൽ, അപ്പോൾ നാം അവനോട് അടുത്തിരിക്കുകയും പൗരോഹിത്യം കാക്കുകയും ചെയ്യും.

എല്ലാ ക്രിസ്ത്യാനികളും രാജാക്കന്മാരായി പുനർജനിച്ചവരാണ് (വെളി. 5:10), എന്നാൽ അനേകർ അവരുടെ രാജത്വം നഷ്ടപ്പെടുത്തി. കർത്താവായ യേശു മടങ്ങിവരുമ്പോൾ, ജയാളികളായ വിശുദ്ധന്മാർ ദൈവത്തിന്റെ പുരോഹിതന്മാരായിരിക്കുവാനും ക്രിസ്തുവിന്റെ സഹ-രാജാക്കന്മാരായിരിക്കുവാനും അവനോടുകൂടെ ആയിരിക്കും (വെളി. 20:4-6). അതേ സമയം, അവർ ഈ ഭൂമിയുടെ അവകാശം ആസ്വദിക്കുകയും ചെയ്യും (വെളി. 2:26).

ഏശാവു ചെയ്തതുപോലെ നമ്മുടെ ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തരുതെന്ന് എബ്രായർ 12:16-17 നമുക്ക് മുന്നറിയിപ്പു നൽകുന്നു. "ഒരു ഊണിന്" ഏശാവ് "തന്റെ ജ്യേഷ്ഠാവകാശം വിട്ടുകളഞ്ഞു." പിന്നീട്, കുറഞ്ഞ വിലയ്ക്ക് വിറ്റുകളഞ്ഞതിൽ അവൻ ദുഃഖിച്ചുവെങ്കിലും, അതു മടക്കിവാങ്ങുവാൻ അവനു കഴിഞ്ഞില്ല. നാം എല്ലാവരും ജാഗ്രതയുള്ളവരായിരിക്കണം. ജ്യേഷ്ഠാവകാശം സ്വന്തമാക്കാനുള്ള സ്ഥാനം നമുക്കുണ്ട്, അത് ഇപ്പോൾത്തന്നെ നമുക്കുണ്ട്; എന്നാൽ അതു നിലനിർത്തുന്നത് നാം അശുദ്ധരോ മലിനപ്പെട്ടവരോ ആകാതെ നമ്മെത്തന്നെ സൂക്ഷിക്കുമോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഏശാവ് തന്റെ ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയത് താൻ അശുദ്ധനായിരുന്നതുകൊണ്ടാണെന്നും, രൂബേൻ തന്റെ ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയത് അവന്റെ മലിനത നിമിത്തമാണെന്നും നാം കണ്ടു. എന്നാൽ

യോസേഫ് തന്റെ നിർമ്മലത നിമിത്തം ദേശത്തിന്റെ ഇരട്ടി പങ്ക് അവകാശമാക്കുകയും, കർത്താവിനോടുള്ള പൂർണ്ണമായ വേർപാടു നിമിത്തം ലേവി പൗരോഹിത്യം നേടുകയും, കഷ്ടംസഹിക്കുന്ന തന്റെ സഹോദരന്മാർക്കു വേണ്ടിയുള്ള തന്റെ കരുതൽ നിമിത്തം യെഹൂദാ രാജത്വം സ്വീകരിക്കുകയും ചെയ്യു. ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ അധിക പങ്കിനുവേണ്ടി നമ്മെത്തന്നെ നിർമ്മലരായി നാം സൂക്ഷിക്കുകയും, സകലത്തിനും മീതെ കർത്താവിന്റെ ആഗ്രഹത്തിനുവേണ്ടി കരുതുന്ന ഒരു ഹൃദയത്തോടുകൂടെ കർത്താവിന് നമ്മെത്തന്നെ നാം പൂർണ്ണമായി വേർതിരിക്കുകയും, കഷ്ടംസഹിക്കുന്ന നമ്മുടെ സഹോദരന്മാർക്കുവേണ്ടി സ്നേഹപൂർവ്വം കരുതുകയും ചെയ്യേണ്ടത് ആവശ്യമാണ്. നാം ഇങ്ങനെയുള്ളവരാണെങ്കിൽ, നമ്മുടെ ജ്യേഷ്ഠാവകാശം നാം തീർച്ചയായും സൂക്ഷിക്കും. ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ അധിക പങ്കും, പൗരോഹിത്യവും, രാജത്വവും നമ്മുടേതായിരിക്കും. ഇന്നുപോലും ഇരട്ടി അളവിൽ ക്രിസ്തുവിനെ നമുക്ക് ആസ്വദിക്കുവാൻ കഴിയും. നമുക്ക് പ്രാർഥിക്കുവാൻ കഴിയും, നമുക്ക് ഭരിക്കുവാൻ കഴിയും, നമുക്ക് വാഴുവാനും കഴിയും. അപ്പോൾ, കർത്താവായ യേശു മടങ്ങി വരുമ്പോൾ ഈ ഭൂമിയുടെ അവകാശം ആസ്വദിച്ചുകൊണ്ട് നാം അവനോടു കൂടെയായിരിക്കും. ദൈവത്തെ നിരന്തരമായി ബന്ധപ്പെട്ടുകൊണ്ട് നാം പുരോഹിതന്മാരും ജനത്തിന്മേൽ വാഴുന്ന രാജാക്കന്മാരും ആയിരിക്കും.

യെഹൂദാ ജ്യേഷ്ഠാവകാശത്തിന്റെ രാജത്വത്തിന്റെ പങ്ക് നേടിയതുകൊണ്ട്, അവൻ രാജകീയനായ ക്രിസ്തുവിനെ (ഉല്പ. 49:10), വിജയിയായ ക്രിസ്തുവിനെ ജനിപ്പിച്ചു (വെളി. 5:5; ഉല്പ. 49:8-9). "നമ്മുടെ കർത്താവ് യെഹൂദായിൽനിന്ന് എഴുന്നേറ്റ് വന്നിരിക്കുന്നു എന്ന് സ്പഷ്ടമാകുന്നു" (എബ്രാ. 7:14).

അബ്രാഹാമും, യിസ്ഹാക്കും, യാക്കോബും, യെഹൂദായുമെല്ലാം ക്രിസ്തുവിന്റെ സഹവർത്തികളാണ്. ഈ നാലു തലമുറകളുടെ ജീവൻ—അബ്രാഹാമിന്റെ വിശ്വാസവും, യിസ്ഹാക്കിന്റെ അവകാശവും, യാക്കോബിന്റെ ഇടപെടലുകളും, യെഹൂദായുടെ സ്നേഹത്തിൻ കരുതലും—നമുക്കുണ്ടെങ്കിൽ, നാമും ക്രിസ്തുവിന്റെ തലമുറയിൽ അവന്റെ സഹവർത്തികളാണ്.

## H. അവന്റെ സഹോദരന്മാർ

ഈ വംശാവലി യിസ്ഹാക്കിനെയും യാക്കോബിനെയും പരാമർശിക്കുമ്പോൾ "അവന്റെ സഹോദരൻ" എന്നു പറയുന്നില്ല; യെഹൂദായെ പരാമർശിക്കുമ്പോൾ മാത്രമാണ് "അവന്റെ സഹോദരന്മാർ" എന്നു പറയുന്നത്. യിസ്ഹാക്കിന്റെ സഹോദരൻ യിശ്മായേലും യാക്കോബിന്റെ സഹോദരൻ ഏശാവും ദൈവത്താൽ

തിരസ്കരിക്കപ്പെട്ടവരായിരുന്നു. എന്നാൽ യെഹൂദായുടെ പതിനൊന്നു സഹോദരന്മാരും തിരഞ്ഞെടുക്കപ്പെട്ടരായിരുന്നു: അവരിൽ ഒരാളെയും ദൈവം തിരസ്കരിച്ചില്ല. യെഹൂദായും അവന്റെ പതിനൊന്നു സഹോദരന്മാരും ക്രിസ്തുവിനു വേണ്ടിയുള്ള ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം യിസ്രായേൽ എന്ന രാഷ്ട്രം രൂപപ്പെടുന്നതിന് പന്ത്രണ്ടു ഗോത്രങ്ങളുടെ പിതാക്കന്മാരായിത്തീർന്നു. തന്മൂലം, യെഹൂദായുടെ എല്ലാ സഹോദരന്മാരും ക്രിസ്തുവിനോടു ബന്ധപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ, ക്രിസ്തുവിന്റെ വംശാവലിയും അവരെ ഉൾപ്പെടുത്തുന്നു.